STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.538/PR/SPMC/PHQ/2021 Date :30.11.2021

## പോലീസ് സൈബർഡോമിന് ഐ.എസ്.ഒ 27001 സർട്ടിഫിക്കറ്റ്

ഈ വർഷത്തെ ഐ.എസ്.ഒ 27001 സർട്ടിഫിക്കറ്റ് സൈബർഡോമിന് ലഭിച്ചു. മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് സർട്ടിഫിക്കറ്റ് ഏറ്റു വാങ്ങി. മുഖ്യമന്ത്രിയുടെ ഓഫീസ് ചേമ്പറിൽ നടന്ന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത്, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി മനോജ് എബ്രഹാം, സിറ്റി പോലീസ് കമ്മീഷണർ ബൽറാം കുമാർ ഉപാധ്യായ, ഡി.ഐ.ജി പി.പ്രകാശ് എന്നിവരും മറ്റ് മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

കൈകാര്യം ചെയ്യുന്ന വിവരങ്ങൾ  കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച് സുരക്ഷിതത്വം ഉറപ്പാക്കുന്ന ഏജൻസികൾക്കാണ് ഐ.എസ്.ഒ 27001 സർട്ടിഫിക്കറ്റ് നൽകുന്നത്. ഇന്ത്യയിൽ ആദ്യമായി ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്ന നിയമനിർവ്വഹണ വിഭാഗമാണ് സൈബർഡോം. കഴിഞ്ഞ നാല് വർഷമായി തുടർച്ചയായി ഐ.എസ്.ഒ 27001 സർട്ടിഫിക്കറ്റ് ലഭിക്കുന്നുവെന്ന പ്രത്യേകതയും കേരളാപോലീസ് സൈബർഡോമിനുണ്ട്.

ഫോട്ടോ ക്യാപ്ഷൻ: സൈബർഡോമിന് ലഭിച്ച ഐ.എസ്.ഒ 27001 സർട്ടിഫിക്കറ്റ് മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് ഏറ്റുവാങ്ങുന്നു.

**************************